ആര്യങ്കാവ് (കൊല്ലം ജില്ല) വാളയാർ (പാലക്കാട്) മുത്തങ്ങ (വയനാട്) കൂട്ടുപുഴ (കണ്ണൂർ) ഉപ്പള (കാസർകോഡ്) എന്നീ സ്ഥലങ്ങളിൽ ചെക്കു പോസ്റ്റുകൾ നിലവിലുണ്ട്. കൂടാതെ ആറ് മൊബൈൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) സ്പിരിറ്റ് കടത്തിക്കൊണ്ടുവരുന്നതിന് ഉദ്യോഗസ്ഥൻമാർ സഹായം നൽകുന്നതായി വ്യക്തമായ ആരോപണങ്ങളോ പരാതികളോ ലഭിച്ചിട്ടില്ല. വ്യക്തമായ തെളിവുകൾ ലഭിച്ചാൽ വേണ്ട നടപടികളെടുക്കുന്നതാണ്.

മദ്യഷാപ്പുകൾ

129. [181] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര അംഗീകൃത കള്ളുഷാപ്പുകളും ചാരായഷാപ്പുകളും വിദേശ മദ്യഷാപ്പുകളും ബാറുകളും ഉണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ആരാധനാലയങ്ങളുടേയും 400 മീറ്റർ ദൂരത്തിനകം എത്ര കള്ളുഷാപ്പുകളും ചാരായഷാപ്പുകളും വിദേശ മദ്യഷാപ്പുകളും ബാറുകളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നു പറയാമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ അനധികൃതമായി പ്രവർത്തിക്കുന്ന മദ്യഉപഷാപ്പുകൾ ഓരോ ഇനത്തിൽ എത്ര വീതമാണെന്നു വ്യക്തമാക്കാമോ ; ജില്ല തിരിച്ച് എത്ര വീതം ;

(ഡി) നിലവിലുള്ള അബ്കാരി നിയമത്തിൽ എന്തെല്ലാം ഭേദഗതികൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) സംസ്ഥാനത്ത് മദ്യനിരോധനം നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഏതെല്ലാം സംഘടനകൾ നിവേദനം നൽകിയിട്ടുണ്ട് ;

(എഫ്) ഇക്കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കാമോ ?

ഉത്തരം

(എ) കള്ളുഷാപ്പുകൾ 2454 എണ്ണം
ചാരായഷാപ്പുകൾ 1835 ,,
വിദേശമദ്യ മൊത്തഷാപ്പുകൾ 134 ,,
(14 എണ്ണം ബിവറേജസ് കോർപ്പറേഷൻ നടത്തുന്നു).
വിദേശമദ്യ ചില്ലറ വിൽപ്പന ഷാപ്പുകൾ 90 എണ്ണം
ബാർ ലൈസൻസുകൾ 269 എണ്ണം

(ബി) കള്ളുഷാപ്പുകൾ (ഉപഷാപ്പുകൾ ഉൾപ്പെടെ) 400 എണ്ണം
ചാരായഷാപ്പുകൾ (ഉപഷാപ്പുകൾ ഉൾപ്പെടെ) 967 ,,
വിദേശമദ്യ ചില്ലറ വിൽപ്പനശാല 51 ,,
ബാർ ലൈസൻസുകൾ 223 ,,

(സി) അനധികൃത ഉപഷാപ്പുകൾ തിട്ടപ്പെടുത്തുവാൻ സാദ്ധ്യമല്ല.

(ഡി) ഇക്കാര്യം പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കേരള മദ്യനിരോധന സമിതിയുടെ നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

(എഫ്) മദ്യനിരോധനം ഏർപ്പെടുത്തുവാൻ ഇപ്പോൾ ആലോചനയില്ല.

ഫിഷറീസ് ഹാർബർ പ്രോജക്ടുകൾ

130. [182] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഏക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് ഹാർബർ പണിയുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറിൽനിന്നും എത്ര പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിൽ അനുവാദത്തിനായി സമർപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പ്രോജക്ടുകൾ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പുതിയാപ്പാ ഫിഷിംഗ് ഹാർബറിന്റെ പണി എന്നു തുടങ്ങുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഡി) ഈ ഫിഷിംഗ് ഹാർബർ പണിയുന്നത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) മൂന്ന് പ്രോജക്ട് റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിന് അനുവാദത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) വിഴിഞ്ഞം, പുതിയാപ്പാ, മുനമ്പം എന്നിവിടങ്ങളിൽ.

(സി) ഏഴാം പഞ്ചവൽസര പദ്ധതിക്കാലത്ത് തുടങ്ങുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

[ചോദ്യോത്തരസമയം കഴിഞ്ഞു]

II അടിയന്തിര പ്രമേയം

ഇൻഡ്യയിൽ പ്രവേശനം നിഷേധിച്ചിരുന്ന വിദേശികളുടെ സംസ്ഥാന പര്യടനം

മി. സ്പീക്കർ : ഇൻഡ്യയിൽ പ്രവേശനം നിഷേധിക്കപ്പെട്ടിട്ടുള്ള രണ്ടു കുവൈറ്റ് പൗരൻമാർ രണ്ടു സംസ്ഥാന മന്ത്രിമാരുൾപ്പെടെയുള്ള മുസ്ലീം ലീഗ് നേതാക്കളുടെ സംരക്ഷണത്തിൽ ജനുവരി 29 മുതൽ ഫെബ്രുവരി 7 വരെ കേരളത്തിൽ പര്യടനം നടത്തി രാജ്യദ്രോഹമാകാവുന്ന നിയമവിരുദ്ധ പ്രവർത്തനം നടത്തിയതുനിമിത്തം ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ഇ. കെ. നായനാർ, കെ. പി. പ്രഭാകരൻ, എ. സി. ഷൺമുഖദാസ്, ബേബി ജോൺ, കെ. കൃഷ്ണൻകുട്ടി എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. 9.30 a. m.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) : സർ, ഇക്കഴിഞ്ഞ ജനുവരി 29-ന് സെയ്ദ് ഹാഷിംങ്ങൾ റഫായി, അൽറാഫി അൻവർ സെയ്ദ്

LIBRARY ARCHIVES Kerala Legislative Assembly